കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കൂത്തുപറമ്പ്, നിർമലഗിരി കോളേജിലെ 13 ബിരുദ വിദ്യാർത്ഥികൾക്ക് 2020-21 അധ്യയന വർഷത്തിലെ ഒന്നാം വർഷ എൻ.സി.സി ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് ഡി വിഭാഗം

Acad.D4/22279/NCC/2021. തീയതി: 14.01.2022

പരാമർശം:-1. 09.06.2005 തീയതിയിലെ അക്കാദ്. ഡി2/5069/എൻ.സി.സി/2001 നമ്പർ സർവ്വകലാശാല ഉത്തരവ്.
2. 17.12.2005 തീയതിയിലെ അക്കാദ്. ഡി3/262/എൻ.സി.സി/2005 നമ്പർ സർവ്വകലാശാല ഉത്തരവ്.
3. 10.05.2011 തീയതിയിലെ DSS/A1/General/2009 നമ്പർ സർവ്വകലാശാല ഉത്തരവ്.
4. 29.05.2018 തീയതിയിലെ ES II-1/S-395/2017 നമ്പർ സർവ്വകലാശാല ഉത്തരവ്.
5. 01.08.2019 തീയതിയിലെ Acad.D4/17704/2017 നമ്പർ സർവ്വകലാശാല ഉത്തരവ്.
6. സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ 18.08.2021 തീയതിയിലെ 2021.522 ഇനം യോഗ തീരുമാനം.
7. 27.08.2021 തീയതിയിലെ Acad.D4/Grace Mark-Gen/2019 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
8. സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ 22.09.2021 തീയതിയിലെ 2021.557 ഇനം യോഗ തീരുമാനം.
9. കൂത്തുപറമ്പ്, നിർമലഗിരി കോളേജ് പ്രിൻസിപ്പാളിന്റെ 23.12.2021 തീയതിയിലെ A3/610/2021 നമ്പർ കത്ത്.

ഉത്തരവ്

1.പരാമർശം ഒന്നും രണ്ടും പ്രകാരം എൻ.സി.സി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.സ്പോർട്സ്, ആർട്സ്, എൻ.സി.സി, എൻ.എസ്.എസ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് അർഹമായ ഗ്രേസ് മാർക്ക് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ പരാമർശം മൂന്ന് പ്രകാരം ഭേദഗതി വരുത്തി നടപ്പിലാക്കിയിട്ടുണ്ട്.

3.പരാമർശം നാല് പ്രകാരം, ഗ്രേസ് മാർക്ക്/ഗ്രേഡ് ചേർക്കാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നിർണ്ണയിക്കുന്ന ഉത്തരവിൽ ഭേദഗതി വരുത്തി പരീക്ഷാ വിഭാഗത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4.പരാമർശം അഞ്ച് പ്രകാരം, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, സ്പോർട്സ്, എൻ.സി.സി പ്രവർത്തനങ്ങളിലേർപ്പെട്ട് മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ രൂപീകരിച്ചും വൈകി സമർപ്പിക്കുന്ന അപേക്ഷകൾക്ക് പിഴ നിശ്ചയിച്ചും (ഭിന്നശേഷി വിഭാഗത്തിന് ഒഴികെ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5.സർവ്വകലാശാലയിൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ലാസ്സുകൾ ഓൺലൈൻ മോഡിൽ നടത്തിയതിനാൽ 2020-21 അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് പരാമർശം ഏഴ് പ്രകാരം രൂപീകരിച്ച സിൻഡിക്കേറ്റിന്റെ ഉപസമിതി, 27.08.2021 തീയതിയിൽ ചേർന്ന യോഗത്തിൽ സ്പോർട്സ്, എൻ.എസ്.എസ്, എൻ.സി.സി പ്രവർത്തനങ്ങളിലേർപ്പെട്ട അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സമർപ്പിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് പ്രകാരം 2020-21 അധ്യയന വർഷത്തിലെ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു. യോഗ ശുപാർശകൾ അംഗീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി പരാമർശം എട്ട് പ്രകാരം സർവ്വകലാശാലാ സിൻഡിക്കേറ്റ് ശ്രദ്ധിച്ചിട്ടുണ്ട്.

6.കൂത്തുപറമ്പ്, നിർമലഗിരി കോളേജ് പ്രിൻസിപ്പാൾ പരാമർശം ഒൻപത് പ്രകാരം, 2020-21 അധ്യയന വർഷത്തിലെ ഒന്നാം വർഷ എൻ.സി.സി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനായുള്ള അപേക്ഷകൾ താഴെ വിവരിക്കും പ്രകാരം സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിരിക്കുന്നു.

| Sl No. | Name of the candidate | Name of the Programme | Register No./ Year | NCC Certificate | NCC Grace Mark in % |
|---|---|---|---|---|---|
| 1. | ALBIN JOLLY | B.A ECONOMICS | NG20AECR002 2020-21 | Attendance Certificate | 2 |

| | | | | | |
|---|---|---|---|---|---|
| 2. | ATHUL K K | B.A ECONOMICS | NG20AECR004 2020-21 | Attendance Certificate | 2 |
| 3. | AMARNATH K | B.A ENGLISH | NG20AEGR026 2020-21 | Attendance Certificate | 2 |
| 4. | SARANG RAJEEVAN C | B.A HISTORY | NG20AHIR004 2020-21 | Attendance Certificate | 2 |
| 5. | ANAGH M | B.A HISTORY | NG20AHIR015 2020-21 | Attendance Certificate | 2 |
| 6. | ANISON JOSEPH | B.A HISTORY | NG20AHIR016 2020-21 | Attendance Certificate | 2 |
| 7. | SANJAY KRISHNA M | B.A HISTORY | NG20AHIR017 2020-21 | Attendance Certificate | 2 |
| 8. | SREERAG AALI | B.A HISTORY | NG20AHIR019 2020-21 | Attendance Certificate | 2 |
| 9. | AKSHAY C V | B.Sc BOTANY | NG20CBOR16 2020-21 | Attendance Certificate | 2 |
| 10. | AKASH V M | B.Sc CHEMISTRY | NG20CCHR24 2020-21 | Attendance Certificate | 2 |
| 11. | KIRAN S KUMAR U | B.Sc PHYSICS | NG20CPHR03 2020-21 | Attendance Certificate | 2 |
| 12. | ABHINAND T P | B.Sc ZOOLOGY | NG20CZOR26 2020-21 | Attendance Certificate | 2 |
| 13. | VYSHAKH PUSHKARAN | B.Com | NG20BR0023 2020-21 | Attendance Certificate | 2 |

7.മേൽ പറഞ്ഞ വിവരങ്ങൾ വിശദമായി പരിശോധിച്ച ബഹു. വൈസ് ചാസലർ, പട്ടികയിൽ വിവരിച്ച 13 ബിരുദ വിദ്യാർത്ഥികൾക്ക് ലേറ്റ് ഫീസ് ഒഴിവാക്കി കൊണ്ട് ഒന്നാം വർഷ എൻ.സി.സി ഗ്രേസ് മാർക്ക് 2020-21 അധ്യയന വർഷത്തിൽ അനുവദിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

8.തദനുസൃതമായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i)മേൽ വിവരിച്ച പ്രകാരം കൂത്തുപറമ്പ്, നിർമലഗിരി കോളേജിലെ 13 എൻ.സി.സി കേഡറ്റുകൾക്ക് 2020-21 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ കോഴ്സിലേക്ക് എൻ.സി.സി ഗ്രേസ് മാർക്ക് അനുവദിച്ചിരിക്കുന്നു.

ii)അർഹരായ വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്കുകൾ പരീക്ഷാ വിഭാഗം നൽകുന്നതായിരിക്കും.

ഒപ്പ്/-
ബാലചന്ദ്രൻ വി കെ
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:പ്രിൻസിപ്പാൾ, കൂത്തുപറമ്പ്, നിർമലഗിരി കോളേജ്.

പകർപ്പ്:
1. പരീക്ഷാ കൺട്രോളറുടെ പി.എ
2. ഡി.ആർ - II, എ.ആർ - III (പരീക്ഷാ വിഭാഗം)
3. പരീക്ഷാ വിഭാഗം
4. കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ